(ബി) ഇല്ല.

(സി) അതോറിറ്റി നൽകിയിട്ടുള്ള മീറ്ററുകൾക്കുമാത്രമേ വാടക ഈടാക്കാറുള്ളൂ. ആയത് നിലവിലെ നിയമപ്രകാരവും അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഉപഭോക്താവും തമ്മിൽ വാട്ടർ കണക്ഷൻ സംബന്ധിച്ച് ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിലുമാണ്. ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അതോറിറ്റിയുടേതായ വാട്ടർ മീറ്ററുകളിൽനിന്നും മാത്രമേ വാടക ഈടാക്കുന്നുള്ളൂ. ഈ സാഹചര്യത്തിൽ നിയമഭേദഗതി ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ പൊട്ടുന്നത് തടയാൻ നടപടി

161 (5051) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി, ഉള്ളിയാടൻകുന്ന്, ഞെള്ളോറ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ നിരന്തരമായി പൊട്ടുന്നതുമൂലം എൻ.എച്ച്. 212 റോഡിൽ പലപ്പോഴായി കുഴിയെടുക്കേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) പദ്ധതിയുടെ 80 എം.എം. എ.സി. പൈപ്പ് 1300 മീറ്റർ കാലപ്പഴക്കം കൊണ്ട് ഇടയ്ക്കിടെ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ എൻ.എച്ച്. 212-ൽ പൈപ്പ് പൊട്ടിയിട്ടില്ല.

ടി പമ്പിംഗ് മെയിൻ മാറ്റി 110 എം.എം 1300 മീറ്റർ പി.വി.സി. പൈപ്പുകൾ സ്ഥാപിക്കാൻ ഏകദേശം 10 ലക്ഷം രൂപ ചെലവുവരുന്ന പദ്ധതി നിർദ്ദേശം ആർ.ഡബ്ല്യു.എസ്സ്.എസ്സ്. ഇംപ്രൂവ്മെന്റിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ആരാധനാലയങ്ങളുടെ വെള്ളക്കരം

162 (5052) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങളിൽ വെള്ളക്കരയിനത്തിൽ ഇളവുകളോ സൗജന്യങ്ങളോ നിലവിലുണ്ടായിരുന്നോ എന്നും ; ഇപ്പോൾ നിലവിലുണ്ടോ എന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly